**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2600** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ കേരള ബാങ്ക് എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | കേരള ബാങ്ക് കോവിഡുമായി ബന്ധപ്പെട്ട് കർഷകർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖാന്തിരം SLF വായ്പാ പദ്ധതിയിലൂടെ കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്നുണ്ട്. കൂടാതെ KCC വായ്പാ പദ്ധതിയിലൂടെയും 50,000/-രൂപവരെ നെൽകൃഷിക്ക് പലിശ രഹിത വായ്പയും, ലഭ്യമാക്കി വരുന്നുണ്ട്. കർഷകർക്ക് നേരിട്ട് കേരള ബാങ്ക് വഴി Kissan Mithra പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾ 4% പലിശ നിരക്കിലും, മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ 8.50% നിരക്കിലും, സ്വയം സഹായ സംഘങ്ങൾ വഴി 20.00 ലക്ഷം രൂപവരെയും, കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് 60.00 ലക്ഷം രൂപവരെയുമുള്ള വായ്പാകൾ ലഭ്യമാക്കിവരുന്നുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ കേരള ബാങ്ക് കർഷകർക്ക് നൽകിയ വായ്പ തുക എത്രയെന്ന് അറിയിക്കാമോ; | (ബി) | കേരള ബാങ്കിൽ നിന്നും 01.04.2021 മുതൽ 31.08.2021 വരെ കർഷകർക്ക് 2,844.00 കോടി രൂപ കാർഷിക ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകി വരുന്നുണ്ട്. |
| (സി) | പ്രസ്തുത വായ്പകളിന്മേൽ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ; എങ്കിൽ പലിശ നിരക്കിലുണ്ടായ ഇളവുകൾ വ്യക്തമാക്കാമോ; | (സി) | കേരള ബാങ്ക് കർഷകർക്ക് നൽകിവരുന്ന കാർഷിക വായ്പയുടെ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 7% പലിശയിൽ നിന്നും 6% മായിട്ടാണ് കുറച്ചിട്ടുള്ളത്. |
| (ഡി) | 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് 31 വരെ കേരള ബാങ്ക് എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തി; ആയതിൽ നിന്നുള്ള ലാഭം വെളിപ്പെടുത്താമോ; | (ഡി) | 2021 ഏപ്രിൽ 1 ന് 66731.61 കോടി രൂപയായിരുന്ന നിക്ഷേപം. 31-08-2021-ൽ 662.09 കോടി രൂപ വർദ്ധിച്ച് 67393.70 കോടി രൂപയായി. പ്രസ്തുത കാലയളവിൽ വായ്പയായിരുന്ന 39664.93 കോടി രൂപ 1017.99 കോടി രൂപ വർദ്ധിച്ച് 40682.92 കോടി രൂപയായി. അങ്ങനെ ആകെ ബിസിനസ്സ് 1680.08 കോടി രൂപ വർദ്ധിച്ച് 1,08,076.62 |

| | | | |
|---|---|---|---|
| | | | കോടി രൂപയായി. ഇതുവഴി ഉണ്ടായ അറ്റപലിശ വരുമാന ലാഭമായി കിട്ടിയത് 192 കോടി രൂപയാണ്. |
| (ഇ) | പ്രസ്തുത കാലയളവിൽ സമാഹരിച്ച നിക്ഷേപം, പിരിച്ചെടുത്ത കിട്ടാക്കടം എന്നിവ വ്യക്തമാക്കുമോ; | (ഇ) | 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ബാങ്ക് 675.33 കോടി രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കിട്ടാക്കടം ഇനത്തിൽ 1673 കോടി രൂപ പിരിച്ചിട്ടുണ്ട്. |
| (എഫ്) | കേരള ബാങ്കിന്റെ നിലവിലെ ആസ്തികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | . |

സെക്ഷൻ ഓഫീസർ

**31-03-2021**-ലെ ആഡിറ്റ് ചെയ്ത കണക്ക്  പ്രകാരം കേരള ബാങ്കിന്റെ ആകെ ആസ്തി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**(തുക കോടിയിൽ)**

| | |
|---|---:|
| Cash in Hand & Bank | 4887.35 |
| Balance with other Bank | 458.50 |
| Money at Call & Short Notice | 8331.94 |
| Investment | 25704.05 |
| Loans & Advance | 39664.93 |
| Interest Receivable | 1719.02 |
| Premises | 651.00 |
| Furniture & Fixtures | 36.45 |
| Other Assets | 1428.96 |
| Non Banking Assets | 42.90 |